**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3511** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഐ.എച്ച്.ആർ.ഡി.യിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഐ.എച്ച്.ആർ.ഡി യ്ക്ക് വേണ്ടി പ്ലാൻ ഫണ്ട്, നോൺ-പ്ലാൻ ഫണ്ട് എന്നീ ഇനങ്ങളിൽ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഐ.എച്ച്.ആർ.ഡി യ്ക്ക് വേണ്ടി പ്ലാൻ ഫണ്ട്, നോൺ-പ്ലാൻ ഫണ്ട് എന്നീ ഇനങ്ങളിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കുന്ന ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് വേണ്ടി 2020-21, 2021-22 കാലയളവുകളിൽ എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കുമോ; | (ബി) | ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾ, അല്ലാത്ത സ്ഥാപനങ്ങൾ എന്ന മാനദണ്ഡത്തിലല്ല മറിച്ച് മുഴുവൻ ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങൾക്കും കൂടി ഒരുമിച്ചാണ് ശമ്പളം വിതരണം ചെയ്യുന്നത്. ഐ.എച്ച്.ആർ.ഡിയുടെ കേന്ദ്ര ആസ്ഥാന ഓഫീസ് ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളും വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്നവയാണ്. ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് ശമ്പളം /വേതനം എന്നിവയ്ക്കായി പ്രതിമാസം ഏകദേശം 11 കോടിയോളം രൂപ ആവശ്യമായിട്ടുണ്ട്. ഇതിനായി ഐ.എച്ച്.ആർ.ഡി.ക്ക് ഫീസ് ഇനത്തിൽ കിട്ടിയ തുകയ്ക്ക് പുറമെ ശമ്പളമായി നല്കാൻ സർക്കാരിൽ നിന്നും 2020-2021, 2021-2022 (30.09.2021 വരെ) കാലയളവുകളിൽ അനുവദിച്ച നോൺ പ്ലാൻ (ശമ്പളം) തുകകളുടെ കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | സർക്കാർ ഗ്രാന്റ് കൈപ്പറ്റുന്ന താൽക്കാലിക ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ച ശമ്പളം നൽകുന്നുണ്ടോ; | (സി) | താൽക്കാലിക ജീവനക്കാരുടെ വേതനം ഐ.എച്ച്.ആർ.ഡി.യുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഐ.എച്ച്.ആർ.ഡി.യുടെ ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കാലാകാലങ്ങളിൽ നൽകുന്നത്. |
| (ഡി) | ഐ.എച്ച്.ആർ.ഡി.യിൽ അധ്യാപക, അനധ്യാപക ജീവനക്കാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; | (ഡി) | ഐ.എച്ച്.ആർ.ഡി.യിൽ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ ഒഴിവുകൾ യാതൊന്നും പി.എസ്.സിക്കു റിപ്പോർട്ട് ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | അവസാനമായി അനധ്യാപക ജീവനക്കാരെ നിയമിച്ചത് ഏത് വർഷത്തിലാണെന്ന് അറിയിക്കാമോ; | (ഇ) | അവസാനമായി ഐ.എച്ച്.ആർ.ഡിയിൽ അനദ്ധ്യാപക ജീവനക്കാരെ നിയമിച്ചത് 2010-ൽ ആണ്. തുടർന്ന് കോടതി വിധിയുടെ അടിസ്ഥാനത്തിലും സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരവും ചില ഒഴിവുകൾ നികത്തിയിട്ടുണ്ട്. |
| (എഫ്) | ഐ.എച്ച്.ആർ.ഡി.യിലെ ജീവനക്കാരുടെ നിയമന രീതി വ്യക്തമാക്കുമോ; | (എഫ്) | 2014-ൽ നിലവിൽ വന്ന പരിഷ്കരിച്ച വിശേഷാൽ ചട്ടങ്ങൾ പ്രകാരം ഐ.എച്ച്.ആർ.ഡിയിലെ നിയമനങ്ങൾ വിശേഷാൽ ചട്ടങ്ങളിലെ ഖണ്ഡിക 13 പ്രകാരമാണ്. ഒഴിവുകൾ പ്രസിദ്ധപ്പെടുത്തിയ ശേഷം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം രൂപീകരിക്കുന്ന സ്റ്റാഫ് സെലക്ഷൻ കമ്മിറ്റി നടത്തുന്ന പരീക്ഷ/ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന സംവരണ തത്ത്വങ്ങൾ പാലിച്ചുകൊണ്ടുമാണ് നിയമനം നടത്തുന്നത്. |
| (ജി) | ഐ .എച്ച്.ആർ.ഡി. യിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സിക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ജി) | ഇല്ല. 2014-ൽ ഐ.എച്ച്.ആർ.ഡി.യിൽ പരിഷ്കരിച്ച വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്നു. സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ഐ.എച്ച്.ആർ.ഡി.യുടെ ഉന്നത അധികാര സമിതിയായ ഗവേണിംഗ് ബോഡിയുടെ 22-ാം യോഗത്തിൽ ഐ.എച്ച്.ആർ.ഡി.യിലെ അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സിക്കു വിടുവാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ ഐ.എച്ച്.ആർ. ഡി.യിൽ നിന്നും ലഭ്യമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## പ്ലാൻ ഫണ്ട്

### 2018 - 2019 (രൂപ കോടിയിൽ)

| ക്രമ നമ്പർ | കണക്ക ശീർഷകം | അനുവദിച്ച/ ലഭിച്ച തുക |
|---|---|---|
| 1 | 2203-00-112-60-36 (Purchase) | Rs.6 |
| 2 | 2203-00-112-60-35 (Construction) | Rs.10.64 |
| | Total | **Rs.16.64** |

### 2019 - 2020 (രൂപ കോടിയിൽ)

| ക്രമ നമ്പർ | കണക്ക ശീർഷകം | അനുവദിച്ച/ ലഭിച്ച തുക |
|---|---|---|
| 1 | 2203-00-112-60-36 (Purchase) | 6.8675 |
| 2 | 2203-00-112-60-35 (Construction) | 13.6325 |
| | Total | **Rs.20.50** |

### 2020 - 2021 (രൂപ കോടിയിൽ)

| ക്രമ നമ്പർ | കണക്ക ശീർഷകം | അനുവദിച്ച/ ലഭിച്ച തുക |
|---|---|---|
| 1 | 2203-00-112-60-36 (Purchase) | Rs.6.3650 |
| 2 | 2203-00-112-60-35 (Construction) | Rs.12.6350 |
| | Total | **Rs.19.00** |

## നോൺ പ്ലാൻ ഫണ്ട്

2018 - 2019 (രൂപ കോടിയിൽ)

| ക്രമ നമ്പർ | കണക്ക ശീർഷകം | അനുവദിച്ച/ ലഭിച്ച തുക |
|---|---|---|
| 1 | 2203-00-112-60-31 (Salary) | 8.7060 |
| 2 | 2203-00-112-60-31 (Salary Additional fund) | 19.66 |
| 3 | 2203-00-112-60-36 (Non-Salary) | 4.3530 |
| | Total | **32.7190** |

2019 - 2020 (രൂപ കോടിയിൽ)

| ക്രമ നമ്പർ | കണക്ക ശീർഷകം | അനുവദിച്ച/ ലഭിച്ച തുക |
|---|---|---|
| 1 | 2203-00-112-60-31 (Salary) | Rs.16.46 |
| 2 | 2203-00-112-60-36 (Non-Salary) | Rs.6.3844 |
| 3 | 2203-00-112-60-31 (Salary Additional fund) | Rs.22 |
| | Total | **Rs.44.8444** |

2020 - 2021 (NON PLAN - SALARY & NON SALARY) (രൂപ കോടിയിൽ)

| ക്രമ നമ്പർ | കണക്ക ശീർഷകം | അനുവദിച്ച/ ലഭിച്ച തുക |
|---|---|---|
| 1 | 2203-00-112-60-31 (Salary) | Rs.14.8168 |
| 2 | 2203-00-112-60-36 (Non-Salary) | Rs.5.7459 |
| 3 | 2203-00-112-60-31 (Salary Additional fund) | Rs.40 |
| | Total | **Rs.60.5627** |

Shini

സെക്ഷൻ ഓഫീസർ

<u>അനുബന്ധം 2</u>

| **ക്രമ നമ്പർ** | **വർഷം** | **തുക (രൂപ കോടിയിൽ)** |
|---|---|---|
| 1 | 2020 – 2021 | Rs.54,81,68,000/- |
| 2 | 2021 – 2022 (30.09.2021 വരെ) | Rs.21,70,42,000/- (സർക്കാർ അനുവദിച്ച ലോൺ തുകയായ 15 കോടി രൂപ ഉൾപ്പെടെ) |

Shini

സെക്ഷൻ ഓഫീസർ